ളുടെ ആ പ്രദേശങ്ങളെ അവഗണിക്കപ്പെടുന്നുവെന്ന് മനസ്സിലാക്കി എത്രയും വേഗം ഈ വിമാനത്താവളത്തിന്റെ പണി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം എന്നു മാത്രം അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 1983 ഏപ്രിൽ മാസത്തിലാണ് കോഴിക്കോട് വിമാനത്താവളത്തിന്റെ പ്രവർത്തനം ആരംഭിച്ചത്. ഭൂമി നിരപ്പാക്കൽ നടപടി തുടർന്നുകൊണ്ടിരിക്കുകയാണ്. ഉടനെതന്നെ ആ പണി പൂർത്തിയാകും. അതോടൊപ്പംതന്നെ റൺവേ, ടെർമിനൽ ബിൽഡിംഗ് എന്നിവയെ സംബന്ധിച്ച് എല്ലാനടപടികളും പൂർത്തിയായി അതിനുവേണ്ട ടെണ്ടറുകൾ ക്ഷണിച്ചുകഴിഞ്ഞിട്ടുണ്ട്. റെസിഡൻഷ്യൽ കമ്പോണന്റിന്റെ പണി വളരെ പുരോഗമിക്കുന്നുണ്ട്. അത് എത്രയും പെട്ടെന്ന് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അപ്രോച്ച് റോഡ് വീതികൂട്ടിയാൽ വിമാനത്താവളത്തിന് പുറത്ത് പൊതുജനങ്ങൾക്കാവശ്യമായ ആശുപത്രി, പോലീസ് സ്റ്റേഷൻ, മറ്റു ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് തുടങ്ങിയവ ഏർപ്പെടുത്തുന്ന കാര്യത്തിനുവേണ്ട നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ കോഴിക്കോട് വിമാനത്താവളം മലബാർ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന കാര്യമാണ്. അത് സാധാരണക്കാരനെ ബാധിക്കുകയില്ലായെന്ന് പറയുന്നതുപോലും ശരിയല്ല. കാരണം കേരളത്തിൽനിന്നും വിദേശത്തുപോയിട്ടുള്ള സാധാരണക്കാരായ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് തിരുവനന്തപുരത്തോ എറണാകുളത്തോ വന്നിറങ്ങി ടാക്സി പിടിച്ച് പോവുക വളരെ പ്രയാസമായ ഒരു കാര്യമാണ്. അതുകൊണ്ട് അത് സാധാരണക്കാരന്റെകൂടി പ്രശ്നമാണ്. മാത്രമല്ല മലബാർ പ്രദേശത്തിന്റെ പൊതുവായ വികസനത്തിനും അത് വളരെ സഹായകരമായിരിക്കും പ്രത്യേകിച്ച് വിദേശികളുമായി ബന്ധമുള്ള വ്യാപാരികൾക്കും മറ്റു തൊഴിലുകളിൽ ഏർപ്പെട്ടുകഴിയുന്ന ആളുകൾക്കും വളരെയധികം സഹായകരമായിരിക്കും. ഈയൊരു സാഹചര്യത്തിൽ അതിന്റെ പണി കഴിയുന്നത്ര വേഗം പൂർത്തിയാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഇൻഡ്യാ ഗവൺമെന്റിന്റെ ശ്രദ്ധ കാലാകാലങ്ങളിലുള്ള ഗവൺമെന്റുകൾ കൊണ്ടുവന്നിട്ടുണ്ട്. ഇപ്പോൾ കിട്ടിയിട്ടുള്ളതായ വിവരം അനുസരിച്ച് 1987 ഡിസംബറിൽ ഇതിന്റെ പണി പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അതിന് ആവശ്യമായ എല്ലാ സത്വര നടപടികളും സ്വീകരിക്കുന്നുണ്ട്.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: 1987-ൽ തന്നെ ഇതിന്റെ പണി പൂർത്തിയാക്കുന്നതിനാവശ്യമായ അലോട്ട്മെന്റുണ്ടോ ? അതിനെക്കുറിച്ച് മുഖ്യമന്ത്രി പറഞ്ഞില്ല.

ശ്രീ. കെ. കരുണാകരൻ: പണത്തിന്റെ കുറവുകൊണ്ട് ഇതുവരെ പണിയൊന്നും മുടങ്ങിയിട്ടില്ലായെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

(2) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കടലോര പ്രദേശങ്ങളിൽ ശുദ്ധജല ദൗർലഭ്യം മൂലം ഉളവായിട്ടുള്ള ഗുരുതരസ്ഥിതി

[അദ്ധ്യക്ഷ വേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, എന്റെ നിയോജക മണ്ഡലത്തിലെ ശുദ്ധജല വിതരണത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട ജലസേചനവകുപ്പു മന്ത്രി ശ്രീ. എം. പി. ഗംഗാധരനോട് അഞ്ചേയറ്റം കടപ്പാടും ബാദ്ധ്യതയും

LIBRARY ARCHIVES Kerala Legislative Assembly

സ്നേഹവും ഞങ്ങൾക്കുണ്ട്. കഴിഞ്ഞ മൂന്നു വർഷത്തിനിടയ്ക്ക് എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും, പ്രത്യേകിച്ച് ഹരിജനങ്ങളും പാവപ്പെട്ടവരുമായ ആൾക്കാർ താമസിക്കുന്ന എല്ലാ സ്ഥലങ്ങളിലും പൂർണ്ണമായ രൂപത്തിൽ വെള്ളം കൊടുക്കാൻ സാധിച്ചു എന്നുള്ളതു് അഭിമാനത്തോടുകൂടി പറയുന്നതോടൊപ്പം കൊയിലാണ്ടിക്കു് തെക്കുഭാഗത്തുള്ള. . . .

(ബഹളം)

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പെരുവണ്ണാമഴി അണക്കെട്ടിൽനിന്നു് ഏകദേശം 15 കോടിരൂപ മുതൽമുടക്കുള്ള ബൃഹത്തായ ഒരു സ്കീം പേരാമ്പ്രയിലേയും കൊയിലാണ്ടിയിലേയും 14 ഗ്രാമങ്ങൾക്കു് വെള്ളം കൊടുക്കുന്ന ഒരു പദ്ധതി ആസൂത്രണം ചെയ്യുകയും ഏറെടുക്കുകയുമുണ്ടായി. അതിന്റെ ആദ്യത്തെ വർഷം കിട്ടിയ 5 കോടി രൂപ തീർന്നു. ഈ കൊല്ലം 90 ലക്ഷം രൂപ കേന്ദ്രഗവൺമെന്റിൽനിന്നും കിട്ടിയാൽ മാത്രമേ പണി തുടരാൻ സാധിക്കുകയുള്ളുവെന്ന സ്ഥിതിവിശേഷമാണുള്ളതു്. അതുപോലെതന്നെ കൊയിലാണ്ടിക്കു് വടക്കുഭാഗത്തു് പ്രശ്നങ്ങൾ ഇപ്പോഴില്ലാത്ത കടലോരപ്രദേശങ്ങളിൽ ശുദ്ധജല വിതരണത്തിന്റെ കാര്യം അങ്ങനെ കിടക്കുകയാണു് കൊയിലാണ്ടിക്കു് തെക്കുള്ള ചെറിയമങ്ങാടു്, ചെങ്കോട്ടുകാവു് പഞ്ചായത്തിലെ എഴുകുടിക്കൽ, ചേമഞ്ചേരി പഞ്ചായത്തിലെ കാപ്പാടു്, കണ്ണൻകടവു് പ്രദേശങ്ങളിലും ഇപ്പോഴും ആളുകൾ കുടിക്കുന്നതു് സത്യം പറഞ്ഞാൽ ഉപ്പുവെള്ളമാണു്. പല പ്രാവശ്യം എനിക്കതു് അനുഭവപ്പെട്ടതാണു്. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഗ്രൗണ്ടു് വാട്ടർ ഡിപ്പാർട്ടുമെന്റിൽനിന്നും ഉദ്യോഗസ്ഥൻമാരേയും എഞ്ചിനിയർമാരെയും സ്ഥലത്തേക്കു് അയയ്ക്കുകയും അവർ വന്നു് മണ്ണു പരിശോധന നടത്തുകയുമുണ്ടായി. മണ്ണു പരിശോധന നടത്തി നോക്കിയപ്പോൾ ശുദ്ധജലം കിട്ടാനുള്ള കിണറുകൾ കുഴിക്കാൻ സാദ്ധ്യമല്ലാത്ത വിധത്തിൽ അടിയിൽ പാറയോ മറ്റോ ഇല്ലായെന്ന ഒരു സാങ്കേതിക കാരണം പറഞ്ഞുകൊണ്ടു് രണ്ടു് മൂന്നു് പ്രാവശ്യം അവർ മടങ്ങുകയുണ്ടായി. ഇതൊക്കെയാണെങ്കിലും ഈ ഭാഗത്തു് ഒന്നും ചെയ്തില്ലായെന്നല്ല ഞാൻ പറയുന്നതു്. പല കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽപോലും കഴിഞ്ഞവളരെ കൊല്ലങ്ങളായി ഒരു ഗ്ലാസു് നല്ലവെള്ളം കുടിക്കാൻ സാധിക്കാത്ത ഒരു സാഹചര്യത്തിലാണു് ചെറിയമങ്ങാടു് മുതൽ കണ്ണൻകടവു് മുനമ്പത്തു് ബീച്ചുവരെയുള്ള പാവപ്പെട്ട മൽസ്യത്തൊഴിലാളികൾ ഇന്നു് കഴിഞ്ഞു കൂടുന്നതു്. എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം ഏകദേശം 27 ശതമാനം ആളുകൾ താമസിക്കുന്നതും ഈ കോസ്റ്റൽ റബൽറ്റിലാണു്. ആ കോസ്റ്റൽ ബെൽറ്റിലെ ആളുകൾക്കു് ഇപ്പോൾ കൊയിലാണ്ടി കടപ്പുറത്തു് എനിക്കു് പ്രശ്നമില്ല—പൂർണ്ണമായും ഈ ഗവൺമെന്റു് വന്നതിനുശേഷം എല്ലാ സ്ഥലങ്ങളിലും പൈപ്പിട്ടു് കുടിവെള്ളത്തിന്റെ പ്രശ്നം പരിഹരിച്ചിരിക്കുന്നു. ഇക്കൊല്ലം എക്കോടി കടപ്പുറത്തും പയ്യോളി കടപ്പുറത്തും അയനിക്കാടു് കടപ്പുറത്തുമെല്ലാം ശുദ്ധജല വിതരണ സൗകര്യങ്ങൾ അങ്ങനെ നടത്തിവരുകയാണു്. മറിച്ചു് കൊയിലാണ്ടിക്കു് തെക്കുഭാഗത്തുള്ള കണ്ണൻകടവുവരെയും കോലപ്പുഴപാലത്തിന്റെ അടുത്തുനിന്നു തുടങ്ങുന്ന എഴുകുടിക്കൽ ചെറിയമങ്ങാടു കടപ്പുറം വരെയുള്ള ഭാഗത്തു് കഴിഞ്ഞ കാലാകാലങ്ങളിലായി വന്ന ഗവൺമെന്റുകൾക്കു് ശുദ്ധജല വിതരണത്തിന്റെ കാര്യത്തിൽ ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട എ. സി. ഷൺമുഖദാസു് ശുദ്ധജല വിതരണ വകുപ്പിന്റെ മന്ത്രിയായിരുന്നപ്പോൾ ഞാൻ പല പ്രാവശ്യം നിവേദനം കൊടുത്തതാണു്. പണമില്ലായെന്നു് പറഞ്ഞുകൊണ്ടു് നിവേദനം മടക്കിയതായി എനിക്കറിയാം. ഈ ഗവൺമെന്റു് വന്നതിനുശേഷം കുറേ കാര്യങ്ങളെങ്കിലും ചെയ്തിട്ടുണ്ടു്, ഇനിയും ചെയ്യും എന്നുള്ള ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ ആ പാവപ്പെട്ട ആളുകൾക്കു് ശുദ്ധജല വിതരണം നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു് ജലസേചന വകുപ്പുമന്ത്രി ശ്രീ. എം. പി. ഗംഗാധരനോടു് വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം.പി. ഗംഗാധരൻ) സർ, ചെറിയമങ്ങാട്, ഏഴുമുടിക്കൽ മുതൽ കണ്ണാകടവ് വരെയുള്ള കടൽപ്പുറപ്രദേശങ്ങൾ കൊയിലാണ്ടി, ചേങ്ങോട്ടുകാവ്, പേരാമ്പ്രേരി എന്നീ പഞ്ചായത്തുകളിലാണു സ്ഥിതി ചെയ്യുന്നത്. ഈ പഞ്ചായത്തുകളിലൊക്കെ ഓരോ ചെടിയ വാട്ടർ സപ്ലൈസ്കീമുകളും നിലവിലുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച പോലെ കടൽതീരപ്രദേശങ്ങളിൽ താമസിക്കുന്ന ഉപ്പുവെള്ളം കുടിക്കുന്ന ആളുകളെ സംബന്ധിച്ചടത്തോളം പൂർണ്ണമായും അവർക്ക് ശുദ്ധജലം എത്തിക്കുന്നതിന് മതിയായ പദ്ധതികളല്ല അവിടെയുള്ളത്. അതുകൊണ്ട് അവിടെ വളരെ പ്രയാസങ്ങളുണ്ട്. ആ പ്രയാസങ്ങൾ ദൂരീകരിക്കുന്നതിന് ഈ മൂന്നു പഞ്ചായത്തുകളിലുമായി ഏഴ് കുഴൽക്കിണറുകൾ കുഴിക്കുകയുണ്ടായി. അതിൽ മൂന്നെണ്ണത്തിൽ ഹാൻഡ് പമ്പുകളും നാലെണ്ണത്തിൽ പവ്വർ മോട്ടോഴ്സും കൊടുത്ത് ശുദ്ധജല വിതരണം നടത്തുകയാണ്. എന്നാലും അത് മതിയാകുന്നതല്ല, കേന്ദ്രഗവൺമെൻറിൻെറ സഹായത്തോടുകൂടി കൊയിലാണ്ടിയിലും മറ്റു പ്രദേശങ്ങളിലുമായി ശുദ്ധജലം എത്തിക്കുന്നതിന് അഞ്ചര കോടി രൂപയോളം ചെലവുവരുന്ന കേന്ദ്രഗവൺമെൻറിൻെറ ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി തുടങ്ങുകയും അതിൻെറ പ്രവർത്തനം വളരെ ഊർജ്ജിതമായി നടക്കുകയും ചെയ്യുന്നുണ്ട്. അത് പൂർത്തീകരിക്കുമ്പോൾ കൊയിലാണ്ടി, ചെങ്ങോട്ടുകാവ്, പേരാമ്പ്രേരി എന്നീ പഞ്ചായത്തുകൾക്കു മാത്രമല്ല, ആ നിയോജകമണ്ഡലത്തിലെ എല്ലാ പ്രദേശങ്ങളിലും പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പ്രദേശങ്ങളിലുമൊക്കെ ശുദ്ധജലം എത്തിച്ചുകൊടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ കടലോരപ്രദേശങ്ങളിലും ശുദ്ധജലവിതരണം ഇതുവരെ കിട്ടാത്ത പ്രദേശങ്ങളിലും പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

III. സബ്മിഷൻ

(1) ആനമലറോഡിൽ മണ്ണിടിഞ്ഞുണ്ടായ തടസ്സം

ശ്രീ. കെ. ജെ. തോമസ്: ചാലക്കുടിയിൽനിന്ന് പൊള്ളാച്ചിയിലേക്ക് പോകുന്ന ആനമലറോഡ് 60-ാം കി. മീ. മുതൽ 73-ാം കി. മീ. വരെ മണ്ണിടിഞ്ഞുവീണ് സഞ്ചാരയോഗ്യമല്ലാതായിരിക്കുകയാണ്. ഏതാണ്ട് 32 ദിവസങ്ങളായി ഈ വഴിക്ക് യാതൊരുവാഹനങ്ങളും യാത്ര ചെയ്തിട്ടില്ല. ഇന്ന് വളരെ ബുദ്ധിമുട്ടി ജീപ്പുകളും പോകുന്നുണ്ട്. മലക്കപ്പാറയിലുള്ള തേയിലത്തോട്ടം തൊഴിലാളികൾക്ക് റേഷനും മറ്റു സാധനങ്ങളും കിട്ടാത്ത വിധത്തിൽ അവിടത്തെ ഗതാഗതസൗകര്യം വിഛേദിക്കപ്പെട്ടിരിക്കുകയാണ്. ഇന്ന് പൊള്ളാച്ചിയിൽനിന്നും വാൽപ്പാറയിൽനിന്നും ഈ രണ്ട് സ്ഥലങ്ങളിലും കൊണ്ടുവരുന്ന ഭക്ഷണമാണ് കഴിക്കുന്നത്. അത്രയും ബുദ്ധിമുട്ടുള്ള ഈ സ്ഥലത്ത് 32 ദിവസങ്ങളായി, ബസ്സുകളും ലോറികളും പോകാൻ കഴിയാതെ 'റോഡ് ക്ലോസ്ഡ്' ബോർഡ് വെച്ചിട്ടുപോലും ഇടിഞ്ഞുവീണ മണ്ണുപോലും ഇതുവരെ മാറിയിട്ടില്ല. ഞാൻ ഈ സ്ഥലം പോയി കണ്ടതാണ്. പക്ഷേ ഇതുവരെ അതിന് യാതൊരു നടപടിയുമെടുത്തിട്ടില്ല. നടപടിയെടുത്തുവെന്ന് മന്ത്രി പറയും, ടെണ്ടർ വിളിച്ചു. പക്ഷേ ടെണ്ടർ ബോയിക്കോട്ട് ചെയ്തിരിക്കുന്ന കാലഘട്ടമായതുകൊണ്ട് ആരുംതന്നെ മണ്ണ് നീക്കുന്നതിന് ടെണ്ടർ എടുത്തിട്ടില്ല. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഡിപ്പാർട്ടുമെൻറലായിട്ട് അവിടെനിന്നും മണ്ണുനീക്കുന്നതിനുള്ള നടപടി സ്വീകരിക്കണം എന്നാണ്. നാലഞ്ചു ബസ്സുകളോടുന്ന റൂട്ടാണത്. പരിപൂർണ്ണ സഹകരണം കൊടുക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. ഇതിന് വിശദമായ വരുത്തരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly